# PLUS ONE ECONOMICS

തെളിമ
edu help programme

STUDY
MATERIAL




COMPILED BY:

**ANJANA B NAIR**
MATTAKKARA H S S, KOTTAYAM



HIGHER SECONDARY NATIONAL SERVICE SCHEME

# INDIAN ECONOMIC DEVELOPMENT

## അധ്യായം 1

## സ്വാതന്ത്ര്യലബ്ധി കാലത്തെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ

ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഏറെക്കുറെ വികസിതവും സ്വയംപര്യാപ്തവുമായിരുന്നു.

ബ്രിട്ടീഷുകാരുടെ സാമ്പത്തിക നയത്തിന് രണ്ട് ലക്ഷ്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

- ബ്രിട്ടീഷ് വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾക്കുള്ള ഉറവിടമായി ഇന്ത്യയെ ഉപയോഗിക്കുക.
- ബ്രിട്ടീഷ് നിർമ്മിത വസ്തുക്കൾക്കുള്ള ഒരു വിപണിയായി ഇന്ത്യയെ രൂപാന്തരപ്പെടുത്തു.

## ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയുടെ ദേശീയ വരുമാനം കണക്കാക്കിയ സാമ്പത്തിക വിദഗ്ദർ

- ദാദാഭായ് നവറോജി
- വില്യം ഡിഗ്ബി
- ഫിൻഡ്‌ലേ ഷിറാസ്
- വി.കെ.ആർ.വി. റാവു
- ആർ.സി. ദേശായ്

## കാർഷിക മേഖലയിലെ സ്തംഭനാവസ്ഥയുടെ കാരണങ്ങൾ.

- ചൂഷണാത്മകമായ ലാൻഡ് സെറ്റിൽമെന്റ് സമ്പ്രദായം
- വളരെ മോശമായ സാങ്കേതിക വിദ്യകൾ
- വളരെ കുറച്ചുമാത്രം വളം ചേർക്കൽ
- ജലസേചന സൗകര്യത്തിന്റെ അഭാവം
- കൃഷിയുടെ വാണിജ്യവൽക്കരണം.

## വ്യവസായ മേഖലയിലുണ്ടായ പ്രത്യാഘാതം

- ഇന്ത്യൻ കരകൗശല മേഖലയെ പാടെ നശിപ്പിക്കുകയും ലക്ഷക്കണക്കിനാളുകളെ തൊഴിൽ രഹിതരാക്കുകയും ചെയ്തു.

- ജനങ്ങൾ തദ്ദേശീയോല്പന്നങ്ങളെക്കാൾ വില കുറഞ്ഞ വിദേശനിർമ്മിത സാധനങ്ങളിലേക്ക് മാറാൻ തുടങ്ങി.
- വ്യവസായ മേഖലയിലെ വളർച്ചാനിരക്ക് കുറവായിരുന്നു.
- ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇരുമ്പ്-ഉരുക്ക് വ്യവസായങ്ങൾ വികസിതമായി.
- ഇന്ത്യയുടെ വ്യവസായവൽക്കരണത്തിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു 1907-ലെ ടിസ്കോയുടെ സ്ഥാപനം

## <u>വിദേശവ്യാപാരം</u>

ഇന്ത്യ അസംസ്കൃത പരുത്തി, സിൽക്ക്, കമ്പിളിരോമങ്ങൾ, നീലം എന്നിവ കയറ്റുമതി ചെയ്യുമ്പോൾ, പരുത്തി തുണി, കമ്പിളി വസ്ത്രങ്ങൾ, ബ്രിട്ടണിൽ നിർമ്മിക്കുന്ന ലഘുയന്ത്രങ്ങൾ എന്നിവയ്ക്ക് ഇന്ത്യ വിപണിയായി.

## <u>ബ്രിട്ടീഷ് ഭരണകാലത്തെ പ്രധാനപ്പെട്ട ജനസംഖ്യാ സൂചികകളും സാമൂഹ്യ വികസന സൂചികകളും</u>

- സാക്ഷരതാ ശതമാനം വളരെ കുറവായിരുന്നു.- 16%
- സ്ത്രീ സാക്ഷരത- 7%
- മരണ നിരക്ക് വളരെ ഉയർന്നിരുന്നു.
- ശിശുമരണ നിരക്ക് ഭീതിജനകമായിരുന്നു (1000ന് 218)
- ആയുർദൈർഘ്യം വളരെ കുറവായിരുന്നു.

## <u>അടിസ്ഥാന സൗകര്യങ്ങൾ</u>

- ☐ ബ്രിട്ടീഷുകാർ ഇന്ത്യയിൽ 1850-ൽ റെയിൽവേ ഗതാഗതം നടപ്പാക്കി.
- ☐ ആഭ്യന്തരവ്യാപാരവും കടൽ ഗതാഗതവും വികസിതമായി.
- ☐ കമ്പിത്തപാൽ വികസിതമായി.
- ☐ തുറമുഖങ്ങൾ വികസിതമായി.

## അധ്യായം - 2

## ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ (1950-1990)

### പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യങ്ങൾ

1950-ൽ പ്രധാനമന്ത്രി ചെയർമാനായുള്ള പ്ലാനിംഗ് കമ്മീഷൻ നിയമിതമായി. ഇന്ത്യ പ്ലാനിംഗ് ആരംഭിച്ചത് 1951-ലാണ്. ഇന്ത്യൻ പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.

- സാമ്പത്തിക വളർച്ച
- നവീകരണം
- സ്വാശ്രയത്വം
- നീതി

### സാമ്പത്തിക വളർച്ച

കാർഷിക മേഖല, വ്യവസായമേഖല, സേവനമേഖല എന്നിവയുടെ സംഭാവനകളടങ്ങിയതാണ് GDP ഇതിന് GDPയുടെ ഘടനാപരമായ ഉള്ളടക്കം എന്ന് പറയും. ഒരു സമ്പദ്‌വ്യവസ്ഥ വളരുമ്പോൾ കാർഷികമേഖലയുടെ സംഭാവന കുറയുകയും വ്യവാസസേവനമേഖലകളുടേത് വർദ്ധിക്കുകയും ചെയ്യും. GDPയുടെ വളർച്ചയുടെ നിരക്കാണ് സാമ്പത്തിക വളർച്ച.

### നവീകരണം.

നവീകരണമെന്നാൽ, ആധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കുക എന്നാണർത്ഥം. നവീകരണം നടപ്പാക്കുമ്പോൾ ഉല്പാദനക്ഷമത ഉയരുന്നു.

### സ്വാശ്രയത്വം

ആദ്യത്തെ ഏഴു പഞ്ചവത്സര പദ്ധതികളുടെ കാലത്ത് ഇന്ത്യ വിദേശീയ സാങ്കേതിക വിദ്യകൾ, വിദേശമൂലധനം തുടങ്ങിയ വിദേശ വിഭവങ്ങളെ ആശ്രയിക്കുകയുണ്ടായില്ല. ഇറക്കുമതി ചെയ്യേണ്ട വസ്തുക്കൾക്ക് ബദൽ വസ്തുക്കൾ ഉപയോഗിക്കുന്ന ഒരു നയം ഇന്ത്യ സ്വീകരിച്ചു.

### നീതി

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സാ സൗകര്യം എന്നിവ ഓരോ പൗരനും ലഭ്യമാക്കേണ്ടതുണ്ട്. ഈ നീതി കൈവരുത്തലാണ് ഇന്ത്യയിലെ ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

**ഭൂപരിഷ്കാരങ്ങൾ**

ഭൂവിതരണത്തിൽ നീതി എന്നതായിരുന്നു ഭൂനയപരിഷ്കാരത്തിന്റെ പ്രധാന ലക്ഷ്യം. കൃഷിഭൂമി കൃഷിക്കാരന് എന്നതായിരുന്നു ഭൂനയപരിഷ്ക്കാരത്തിന്റെ മുദ്രാവാക്യം.

**ഹരിതവിപ്ലവം**

കാർഷിക ഉല്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യ ത്തോടെ നടപ്പാക്കിയ പുതിയ കാർഷിക തന്ത്രമാണ് ഹരിതവിപ്ലവം

**ഹരിതവിപ്ലവത്തിന്റെ സദ്ഫലങ്ങൾ**

- ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഇന്ത്യ സ്വയം പര്യാപ്തമായി.
- വിപണിയിൽ വിറ്റഴിക്കാൻ കൂടുതൽ മിച്ചം.
- ഇറക്കുമതിയിലും ഭക്ഷ്യസഹായത്തിലുമുള്ള ആശ്രയത്വം കുറഞ്ഞു.
- ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞത് ദരിദ്ര ജനവിഭാഗത്തിന് അനുഗ്രഹമായി

**വ്യവസായ നയപ്രമേയം (1956)**

1956ലെ വ്യവസായ നയപ്രമേയം വ്യവസായങ്ങളെ മൂന്നായി തരംതിരിച്ചു.

1) പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായങ്ങൾ.
2) സ്വകാര്യ മേഖലയ്ക്കും പൊതുമേഖലയ്ക്കും ഒരുപോലെ നടത്താവുന്ന വ്യവസായങ്ങൾ.
3) ബാക്കിയുള്ള വ്യവസായങ്ങളെല്ലാം തികച്ചും സ്വകാര്യമേഖലക്കായി വിട്ടു.

**ചെറുകിട വ്യവസായങ്ങളുടെ പ്രസക്തി.**

- ചെറിയ തോതിലുള്ള മൂലധനം കൊണ്ട് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാം.
- കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നു.
- ഗ്രാമപ്രദേശങ്ങളുടെ വികസനത്തിനും ക്ഷേമത്തിനും സഹായിക്കുന്നു.

**വ്യാപാരനയം- ഇറക്കുമതിക്ക് ബദൽ**

ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾക്കുപകരം ഇന്ത്യയിൽ ഉല്പാദിപ്പിച്ച സാധനങ്ങൾ ഉപയോഗിക്കുന്നതിനാണ് ഇറക്കുമതി ബദൽ എന്ന് പറയുന്നത്. ഇറക്കുമതി ബദൽ എന്ന നയം സംരക്ഷണ നയത്തിൽ എത്തിക്കുന്നു. ഈ സംരക്ഷണത്തിനുള്ള കരുക്കൾ രണ്ടായിരു ന്നു.

* താരിഫ് * ക്വോട്ട

**താരിഫ്:-**കയറ്റുമതിക്കും ഇറക്കുമതിക്കും ഏർപ്പെടുത്തുന്ന ചുങ്കമാണ് താരിഫ്.

**ക്വോട്ട:-** ക്വോട്ട എന്നു പറയുന്നത് ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ അളവിലോ എണ്ണത്തിലോ ഉള്ള നിയന്ത്രണമാണ്.

## അധ്യായം - 3

## ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം: ഒരു വിലയിരുത്തൽ

### ഉദാരവൽക്കരണം

സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കുള്ള നിയന്ത്രണങ്ങളിൽ നിന്നെല്ലാം സമ്പദ്വ്യവസ്ഥയെ മോചിപ്പിക്കുക എന്നതാണ് ഉദാരവത്ക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

### വ്യവസായമേഖലാ പരിഷ്ക്കാരങ്ങൾ

- ലൈസൻസിംഗ് നിർത്തലാക്കി
- സംവരണം നിർത്തലാക്കി
- ചെറുകിട മേഖലയ്ക്കുള്ള സംവരണം നിർത്തി
- സ്വകാര്യ കുത്തക നിയമത്തിനും വിദേശ നാണ്യനിയമത്തിനും ഭേദഗതി

### ധനകാര്യ മേഖലാ പരിഷ്ക്കാരങ്ങൾ

- ബാങ്ക് ബ്രാഞ്ച് ലൈസൻസിംഗ് ഉദാരമാക്കി.
- സ്വകാര്യ ബാങ്കുകൾക്കും വിദേശ ബാങ്കുകൾക്കും അനുമതി നൽകി.
- നിക്ഷേപനിരക്കിന്റെയും വായ്പാ നിരക്കിന്റെയും നിയന്ത്രണം നീക്കി.

### നികുതി പരിഷ്ക്കാരങ്ങൾ

- വ്യക്തിഗത ആദായനികുതി കുറച്ചു.
- കമ്പനി നികുതി കുറച്ചു.
- കസ്റ്റംസ് ഡ്യൂട്ടി കുറച്ചു.
- എക്സൈസ് ഡ്യൂട്ടി കുറച്ചു

### വിദേശ നാണയ പരിഷ്ക്കാരങ്ങൾ

1991-ൽ സുസ്ഥിരവൽക്കരണ നടപടിയെന്ന നിലയിൽ രൂപയുടെ മൂല്യം കുറച്ചു. ഇന്ത്യയിൽ നിന്ന് മൂലധനം വിദേശങ്ങളിലേക്ക് ഒഴുകി പോകുന്നത് തടയാനും, വിദേശത്തുനിന്നുള്ള മൂലധനപ്രവാഹത്തെ പ്രോത്സാഹിപ്പിക്കാനും ഇത് സഹായിച്ചു.

### വ്യവസായ നിക്ഷേപനയ പരിഷ്ക്കാരം

- ഇറക്കുമതി ഉദാരവൽക്കരിച്ചു
- ഇറക്കുമതിച്ചുങ്കം കുറച്ചു

- ഇറക്കുമതി ലൈസൻസിംഗ് നിർത്തലാക്കി

## സ്വകാര്യവത്ക്കരണം

സർക്കാർ വക സ്ഥാപനങ്ങളുടെ ഉടമസ്ഥത/മാനേജ്മെന്റ് സ്വകാര്യ കമ്പനികൾക്ക് നൽകുന്നതിനെയാണ് സ്വകാര്യവൽക്കരണം എന്ന് പറയുന്നത്. പല രൂപത്തിലുള്ള സ്വകാര്യ വൽക്കരണമാണ് ഗവൺമെന്റ് അനുവർത്തിച്ചു പോന്നത്. അതിലൊന്നാണ് ഡിസ്ഇൻവെസ്റ്റ്മെന്റ്. പൊതുമേഖലാ സ്ഥാപനത്തിൽ ഗവൺമെന്റിന്റേതായ നിക്ഷേപം സ്വകാര്യമേഖലയ്ക്ക് വിൽക്കുന്നതിനെയാണ് ഡിസ്ഇൻവെസ്റ്റ്മെന്റ് എന്ന് പറയുന്നത്.

## ആഗോളവത്കരണം.

ലോകത്തിലെ രാജ്യങ്ങളുടെ ഏകീകരണമാണ് ആഗോളവത്ക്കരണം.

## പുറം കരാർ നൽകൽ (Out sourcing)

ആഗോളവൽക്കരണ പ്രക്രിയയുടെ ഒരു പ്രധാന അനന്തരഫലമായിരുന്നു ഔട്ട്സോഴ്സിങ്. വികസിത രാജ്യങ്ങൾ അവർക്കാവശ്യമായ പലതരം സേവനങ്ങൾക്കും ഇന്ത്യയെപ്പോലെയുള്ള വികസ്വര രാജ്യങ്ങളെയാണ് ആശ്രയിച്ചിരുന്നത്. കാരണം, വൈദഗ്ധ്യമേറിയ മനുഷ്യവിഭാഗങ്ങളുടെ വലിയൊരു ശേഖരം തന്നെ നമുക്കുണ്ടെന്നതിനു പുറമെ അതിവിടെ വളരെ കുറഞ്ഞ വേതനത്തിന് ലഭിക്കുകയും ചെയ്യും.

## ലോകവ്യാപാര സംഘടന (WTO)

1995ൽ ഗാട്ടിനു പകരം ലോക വ്യാപാര സംഘടന (WTO) നിലവിൽ വന്നു. ഈ സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ:

- അന്താരാഷ്ട്ര വിപണിയിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവസരം
- രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ദ്വിമുഖ വ്യാപാരത്തേക്കാൾ എല്ലാ രാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ വ്യാപാരം പ്രോത്സാഹിപ്പിക്കൽ.

## സാമ്പത്തിക നയ പരിഷ്ക്കാരങ്ങളും കൃഷിയും

സാമ്പത്തിക നയപരിഷ്ക്കാരങ്ങളും GDP യുടെ ഉയർന്ന വളർച്ചാനിരക്കും കൃഷിക്ക് ഒരു ഗുണവും ചെയ്തിട്ടില്ല. കാർഷിക രംഗത്ത് അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് കാരണം:-

- കാർഷിക മേഖലയിലെ പൊതുമൂലധന നിക്ഷേപം കുറഞ്ഞു.
- കാർഷികോല്പന്നങ്ങളുടെ ഇറക്കുമതിച്ചുങ്കം കുറച്ചതിനാൽ ഇറക്കുമതി വർദ്ധിച്ചു.

# അധ്യായം – 4

# ദാരിദ്ര്യം

ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം മുതലായ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടതായ വരുമാനം ആളുകൾക്ക് ഇല്ലാത്ത ഒരു സാഹചര്യമാണ് ദാരിദ്ര്യം എന്നത്.

**ജയിൽ ജീവിതച്ചെലവ്**

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ദാദാബായ് നവറോജി ദാരിദ്ര്യരേഖ ജയിൽ ജീവിതച്ചെലവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി.

**ദാരിദ്ര്യം തരംതിരിക്കൽ**

1. നിത്യ ദരിദ്രർ
2. സാധാരണ ദരിദ്രർ
3. ഇടക്കാല ദരിദ്രർ
4. യാദൃശ്ചിക ദരിദ്രർ
5. അദരിദ്രർ

(1, 2) } ദീർഘകാലമായിട്ടുള്ള ദരിദ്രർ

(4, 5) } ക്ഷണികമായ ദരിദ്രർ

**തലയെണ്ണൽ അനുപാതം**

$$\text{തലയെണ്ണൽ അനുപാതം} = \frac{\text{ദരിദ്രരുടെ എണ്ണം}}{\text{ആകെ ജനസംഖ്യ}}$$

**ദാരിദ്ര്യത്തിന്റെ കാരണങ്ങൾ**

- കുറഞ്ഞ വരുമാനം
- ആസ്തിയില്ലായ്മ
- തൊഴിലില്ലായ്മ
- അസമത്വം
- കുറഞ്ഞ സാമ്പത്തിക വളർച്ച
- ചൂഷിതർ

**ദാരിദ്ര്യ നിവാരണത്തിനുള്ള നയങ്ങളും പരിപാടികളും**

ദരിദ്ര്യനിവാരണത്തിനായി ഗവൺമെന്റ് ഒരു ത്രിമുഖ സമീപനം അവലംബിച്ചു. അതിങ്ങനെയാണ്.

1) വളർച്ചോന്മുഖ സമീപനം

2) ആസ്തികളും തൊഴിലും ഉണ്ടാക്കുന്നതിലൂടെ വരുമാനം ഉണ്ടാക്കുക.

3) ജനങ്ങൾക്ക് മിനിമം അടിസ്ഥാന സൗകര്യങ്ങൾ എങ്കിലും ഉണ്ടാക്കി കൊടുക്കുക.

**ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെ നമുക്ക് മൂന്നായി തരം തിരിക്കാം.**

1) സ്വയം തൊഴിൽ പദ്ധതികളും തൊഴിൽ ദാന പദ്ധതികളും

2) ഭക്ഷ്യ സുരക്ഷാ പദ്ധതികൾ

3) സാമൂഹ്യ സുരക്ഷാ പദ്ധതികൾ

**സ്വയം തൊഴിൽ പദ്ധതികളും തൊഴിൽദാന പദ്ധതികളും**

- സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗർ യോജന(SGSY)
- പ്രൈം മനിസ്റ്റേഴ്സ് റോസ്ഗാർ യോജന (PMRY)
- ഗ്രാമീണ തൊഴിലുല്പാദന പരിപാടി (REGP)
- സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന (SJSRY)
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**ഭക്ഷ്യ സുരക്ഷാ പദ്ധതികൾ**

- പൊതുവിതരണ സമ്പ്രദായം
- സംയോജിത ശിശു വികസന പദ്ധതി
- സ്കൂളുകളിൽ ഉച്ചഭക്ഷണം
- അന്നപൂർണ്ണ സ്കീം

**സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

- ആം ആദ്മി ബീമ യോജന
- അടൽ പെൻഷൻ യോജന
- ദേശീയ സാമൂഹിക സഹയാ പദ്ധതി
- ജനശ്രീ ബീമ യോജന

## അധ്യായം – 5

# മനുഷ്യ മൂലധന സ്വരൂപീകരണം ഇന്ത്യയിൽ

മനുഷ്യരെ വിദ്യാഭ്യാസവും പരിശീലനവും നൽകി അധ്യാപകർ, ഡോക്ടർമാർ തുടങ്ങിയ മനുഷ്യ വിഭവങ്ങളാക്കി രൂപാന്തരപ്പെടുത്തുമ്പോൾ അത് മനുഷ്യവിഭവ സ്വരൂപീകരണമാണ്.

**മനുഷ്യമൂലധനത്തിന്റെ ഉറവിടങ്ങൾ**

1) വിദ്യാഭ്യാസം

2) ആരോഗ്യം

3) ജോലിക്കിടയിൽ പരിശീലനം

4) കുടിയേറ്റം

5) ഇൻഫർമേഷൻ

**1) വിദ്യാഭ്യാസം**

ഒരു രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വിദ്യാസമ്പന്നമായി ഒരു ജനതയ്ക്ക് ഗണ്യമായ സംഭാവന നൽകാൻ കഴിയും

- വിദ്യാഭ്യാസം ജീവിതത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നു.
- ഉല്പാദനക്ഷമത കൂടുമെന്നതിനാൽ വരുമാനവും കൂടും.
- പുതിയ കണ്ടുപിടുത്തങ്ങൾക്കും പുതുമകൾക്കും പ്രേരകമാകും.

**2) ആരോഗ്യം**

ആരോഗ്യസംരക്ഷണത്തിനായി പണം ചെലവാക്കുന്നത് പല വിധത്തിലാണ്.

- പ്രതിരോധ ഔഷധങ്ങൾ
- രോഗനിവാരണ ഔഷധങ്ങൾ
- സോഷ്യൽ മെഡിസിൻ
- ശുദ്ധജലവിതരണം

**3) ജോലിക്കിടയിൽ പരിശീലനം**

a. പരിചയസമ്പന്നനായ ഒരു സൂപ്പർവൈസറുടെ കീഴിൽ ഫാക്ടറിയിൽ ജോലിയ്ക്കിടയിൽ വെച്ചുതന്നെ പരിശീലനം നൽകുന്നു.

b. ജീവനക്കാരെ പരിശീലനത്തിനായി പുറത്ത് പറഞ്ഞയയ്ക്കുന്നു.

**<u>4) കുടിയേറ്റം.</u>**

ജനങ്ങൾ കുടിയേറിപ്പാർക്കുന്നത് രണ്ട് കാരണങ്ങളാലാണ്.

- തൊഴിലില്ലായ്മ
- വിദേശത്ത് നല്ല ജോലി സാധ്യത

**കുടിയേറ്റത്തിന് നല്ല ചെലവ് വരും.**

- യാത്രാ ചെലവ്
- മറുനാട്ടിലെ ഉയർന്ന ജീവിതച്ചെലവ്

ഇങ്ങനെ ചെലവ് വരുമെങ്കിലും ചെലവിനേക്കാൾ അധികമാണ് ഗുണമെന്നതിനാൽ ജനങ്ങൾ കുടിയേറിപ്പാർക്കാൻ തന്നെ തയ്യാറാകുന്നു.

**<u>5) ഇൻഫർമേഷൻ</u>**

കോഴ്സുകൾ, കോഴ്സുകൾ ലഭ്യമായ സ്ഥാപനങ്ങൾ, തൊഴിലവസരങ്ങൾ, ശമ്പള നിരക്കുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടത് സുപ്രധാനമാണ്. ഇത്തരം വിവരങ്ങൾ ലഭിക്കുന്നതിനുള്ള ചെലവുകളും മനുഷ്യമൂലധനത്തിനായുള്ള നിക്ഷേപമായി കാണാം.

വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന നിയന്ത്രക സ്ഥാപനങ്ങൾ

- NCERT
- UGC
- AICTE

**<u>ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന നിയന്ത്രക സ്ഥാപനങ്ങൾ</u>**

ICMR

നഴ്സിംഗ് കൗൺസിൽ

# അധ്യായം – 6

# ഗ്രാമീണ വികസനം

പിന്നോക്കാവസ്ഥയിലുള്ള ഗ്രാമപ്രദേശങ്ങളെ സർക്കാരിന്റെ കർമ്മ പരിപാടികളിലൂടെ വികസിപ്പിച്ചെടുക്കുക എന്നതാണ് ഗ്രാമീണ വികസനത്തിന്റെ ലക്ഷ്യം.

**<u>ഗ്രാമീണ വായ്പാ സംവിധാനം- പ്രധാന സ്ഥാപനങ്ങൾ</u>**

- നബാർഡ് – 1982 -ൽ നബാർഡ് നിലവിൽ വന്നു. ഗ്രാമീണ വായ്പകൾ അനുവദിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സർവ്വോന്നത ബാങ്കാണ് നബാർഡ് .

**വാണിജ്യ ബാങ്കുകൾ**

- ഗ്രാമീണ മേഖലാ ബാങ്കുകൾ
- സഹകരണ വായ്പാ സംഘങ്ങൾ
- ഭൂവികസന ബാങ്കുകൾ
- സ്വയം സഹായ സംഘങ്ങൾ

**<u>കാർഷിക വിപണി സംവിധാനം</u>**

കാർഷിക വിപണനമെന്നത് ഒട്ടേറെ പ്രക്രിയകൾ ഉൾപ്പെട്ടതാണ്. സംഭരിക്കൽ, സൂക്ഷിക്കൽ, സംസ്ക്കരിക്കൽ, പാക്കേജിംഗ്, ഗ്രേഡിംഗ്, ട്രാൻസ്പോർട്ടേഷൻ, വിതരണം എന്നിവയിലൂടെ കാർഷികോല്പന്നങ്ങൾ വയലിൽ നിന്നും വിൽപന കേന്ദ്രങ്ങളിലേക്കെത്തിക്കുന്നതിനെ കാർഷിക വിപണി സംവിധാനം എന്നു പറയുന്നു.

**<u>കാർഷിക വിപണനം മെച്ചപ്പെടുത്താൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ</u>**

- റഗുലേറ്റഡ് മാർക്കറ്റുകൾ സ്ഥാപിച്ചു.
- അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു.
- സഹകരണ സംവിധാനം
- താങ്ങുവില പ്രഖ്യാപിക്കൽ

**<u>ബദൽ വിപണന മാർഗ്ഗങ്ങൾ</u>**

- അപ്നി മണ്ഡി
- റയതു ബസാർ

○ ഉഴവർ സന്ധി

**വൈവിധ്യവത്ക്കരണം**

കാർഷിക മേഖലയ്ക്ക് ഉയർച്ച വേണമെങ്കിൽ വൈവിധ്യവൽക്കരണം കൂടിയേ തീരൂ. മൂന്നു തരത്തിലുള്ള വൈവിധ്യവൽക്കരണം അഭിലഷണീയമാണ്. അവ:

- ○ വിളകളിലുള്ള വൈവിധ്യവത്ക്കരണം
- ○ അനുബന്ധ പ്രവർത്തനങ്ങളിലേക്കുള്ള വൈവിധ്യവൽക്കരണം
- ○ കാർഷികേതര ജോലികളിലേക്കുള്ള മാറ്റം

**കന്നുകാലി വളർത്തൽ**

ഗ്രാമീണരുടെ പ്രധാനപ്പെട്ടൊരു ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. കന്നുകാലികളെ വളർത്തുന്നതിന്റെ പ്രധാന ഗുണങ്ങൾ ഇവയാണ്.:

- ○ ബദൽ ഉപജീവനമാർഗ്ഗം
- ○ വരുമാനത്തിൽ സുസ്ഥിരത
- ○ ഭക്ഷ്യ സുരക്ഷിതത്വം
- ○ പോഷകാഹാരം

**ഫിഷറീസ്**

ലക്ഷക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗ്ഗമാണ് മത്സ്യബന്ധനം. മത്സ്യോൽപാദനം ഉ്യുടെ 0.8 ശതമാനമാണുള്ള്. മീൻപിടുത്തക്കാർ സാമൂഹ്യമായും സാമ്പത്തികമായും പിന്നിലുള്ളവരാണ്. ഇവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൽ:-

തൊഴിലില്ലായ്മ

താഴ്ന്ന വരുമാനം

നിരക്ഷരത

കടബാദ്ധ്യത

**പഴം-പച്ചക്കറി കൃഷി (Horticulture)**

ലോകത്തിൽ ഏറ്റവുമധികം പഴങ്ങളും പച്ചക്കറികളും കൃഷി ചെയ്തുണ്ടാക്കുന്ന രാജ്യങ്ങളിൽ രണ്ടാം സ്ഥാനം ഇന്ത്യക്കാണ്. ആകെയുള്ള കാർഷിക ഉല്പന്ന മൂല്യത്തിന്റെ മൂന്നിലൊരു ഭാഗവും ഏളടയുടെ 6%വും ഇതിന്റെ സംഭാവനയാണ്. ഉദ്യാനകൃഷി, നഴ്സറി

വളർത്തൽ, ടിഷ്യൂക്കൾച്ചൽ, പഴം സംസ്ക്കരണം തുടങ്ങിയവ വളരെയധികം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നു.

**ജൈവ കൃഷിയുടെ മെച്ചങ്ങൾ**

- ജൈവികമായി ഉല്പാദിപ്പിക്കപ്പെട്ട ഭക്ഷണത്തിന് അത്യധികം പോഷകമൂല്യമുണ്ടായിരിക്കും.
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.
- ജൈവോല്പന്നങ്ങൾക്ക് വമ്പിച്ച അന്താരാഷ്ട്ര വിപണിയുണ്ട്.
- പരിസ്ഥിതിത സൗഹൃദാത്മകവും നിലനിൽക്കുന്നതുമാണ്.

## അധ്യായം - 7

## തൊഴിൽ: വളർച്ചയും അനൗപചാരികവൽക്കരണവും മറ്റ് പ്രശ്നങ്ങളും

**തൊഴിലാളി-ജനസംഖ്യ അനുപാതം**

$$\text{തൊഴിലാളി-ജനസംഖ്യ അനുപാതം} = \frac{\text{ആകെ തൊഴിലാളികൾ}}{\text{ജനസംഖ്യ}} \times 100$$

**തൊഴിലാളികൾ - തരംതിരിവ്**

- **സ്വയം തൊഴിൽ ചെയ്യുന്നവർ:** ജീവിതവൃത്തിക്കായി സ്വന്തം സ്ഥാപനം നടത്തുന്നവരെയാണ് സ്വയം തൊഴിൽ കണ്ടെത്തുന്നവർ എന്ന് വിളിക്കുന്നത്.
- **കൂലിപ്പണിക്കാർ:** ദിവസവേതനത്തിനായി തൊഴിൽ ചെയ്യുന്നവരെ കൂലിപ്പണിക്കാർ എന്ന് വിളിക്കുന്നു.
- **സ്ഥിരം വേതനം വാങ്ങുന്ന ജീവനക്കാർ:** സ്ഥിരം വേതനം വാങ്ങുന്ന സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരാണ് സ്ഥിരം വേതനം വാങ്ങുന്ന ജീവനക്കാർ.

**തൊഴിൽ-രഹിത വളർച്ച**

കുറഞ്ഞ തൊഴിൽ വളർച്ചാനിരക്കോടുകൂടിയ ഉയർന്ന ജി.ഡി.പി. വളർച്ചാനിരക്കിന് 'തൊഴിൽ രഹിത വളർച്ച' എന്ന് പറയുന്നു.

**ഔപചാരിക മേഖലയും അനൗപചാരിക മേഖലയും**

സ്ഥിരം ശമ്പളക്കാരായ ജീവനക്കാർ ഔപചാരിക മേഖലയിൽപ്പെടുന്നു. കൂലിപ്പണിക്കാരും സ്വയം തൊഴിൽ കണ്ടെത്തിയവരിൽ ഭൂരിഭാഗവും അനൗപചാരിക മേഖലയിൽപ്പെടും. ഔപചാരിക മേഖലയ്ക്ക് സംഘടിത മേഖല എന്നും അനൗപചാരിക മേഖലയ്ക്ക് അസംഘടിത മേഖല എന്നും പറയും. എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളും പത്തിലധികം സ്ഥിരം ജീവനക്കാരുള്ള എല്ലാ സ്വകാര്യ മേഖലാ സ്ഥാപനങ്ങളും ഔപചാരിക മേഖലയിൽ അഥവാ സംഘടിത മേഖലയിൽ വരുന്നു. മറ്റുള്ളവയെല്ലാം അനൗപചാരിക മേഖലയിൽ അല്ലെങ്കിൽ അസംഘടിത മേഖലയിൽപ്പെടും.

സ്ഥിരം ശമ്പളക്കാർക്ക് ഉയർന്ന ശമ്പളവും പെൻഷനും ലഭിക്കും. ദിവസവേതന തൊഴിലാളികൾക്ക് കുറഞ്ഞ വരുമാനമാണുള്ളത്. അവരുടെ സേവന വ്യവസ്ഥകളും ജീവിത അവസ്ഥകളും തൃപ്തികരമല്ല.

**തൊഴിലില്ലായ്മ.**

- **പ്രത്യക്ഷ തൊഴിലില്ലായ്മ:** ഒരാൾ തൊഴിലെടുക്കാൻ സന്നദ്ധനാവുകയും തൊഴിലൊന്നും ലഭിക്കാതിരിക്കുകയുമാണെങ്കിൽ അത് പ്രത്യക്ഷ തൊഴിലില്ലായ്മയാണ്.
- **പ്രഛന്ന തൊഴിലില്ലായ്മ:** കൃഷിക്ക് ആവശ്യമായതിനേക്കാളേറെ ആളുകളെ ജോലിക്ക് നിയോഗിക്കുമ്പോഴുണ്ടാകുന്ന അവസ്ഥാവിശേഷമാണ് പ്രഛന്ന തൊഴിലില്ലായ്മ.
- **കാലിക തൊഴിലില്ലായ്മ:** കാലാവസ്ഥയനുസരിച്ച് കുറച്ചുകാലം മാത്രം ഉണ്ടാകുന്നതാണ് കൃഷിപ്പണി. അതിനാൽ, ഇന്ത്യയിലെ കർഷക തൊഴിലാളികൾ കൊല്ലത്തിൽ ശരാശരി ആറു മാസക്കാലം തൊഴിൽ രഹിതരായി കഴിയുന്നു. ഇതിനെ കാലിക തൊഴിലില്ലായ്മ എന്ന് പറയുന്നു.
- **ഘടനാ പരമായ തൊഴിലില്ലായ്മ:** സാങ്കേതിക വിദ്യയിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് സംഭവിക്കുന്നതാണ് ഘടനാപരമായ തൊഴിലില്ലായ്മ.

## അധ്യായം - 8

## അടിസ്ഥാന സൗകര്യങ്ങൾ

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും വൈദ്യുതി, വെള്ളം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയവ അനിവാര്യമാണ്. ഇത്തരം സൗകര്യങ്ങളെ അടിസ്ഥാന സൗകര്യങ്ങൾ എന്ന് പറയുന്നു.

**അടിസ്ഥാന സൗകര്യങ്ങളെ രണ്ടായി തരം തിരിക്കാം.**

1) സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ
2) സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ

**സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ**

- ഗതാഗതം
- വൈദ്യുതി
- വാർത്താവിനിമയം
- ബാങ്കുകൾ

**സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ**

- വിദ്യാഭ്യാസം
- ആരോഗ്യം
- പാർപ്പിടം

**അടിസ്ഥാന സൗകര്യങ്ങളുടെ പ്രസക്തി**

- അത് നിക്ഷേപത്തെ ആകർഷിക്കുന്നു
- ഉല്പാദനക്ഷമത കൂട്ടുന്നു
- ജനങ്ങളുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുന്നു.

**ഇന്ത്യയിലെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി**

- ഗ്രാമീണ വസതികളിൽ 56 ശതമാനത്തിന് മാത്രമേ വൈദ്യുതി കണക്ഷനുള്ളൂ.
- ഗ്രാമീണ വസതികളിൽ 43 ശതമാനവും മണ്ണെണ്ണയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.
- ഗ്രാമപ്രദേശങ്ങളിലെ ശുചീകരണസൗകര്യവും വളരെ അപര്യാപ്തമാണ്.

**ഊർജത്തിന്റെ ഉറവിടങ്ങൾ**

- **വാണിജ്യ ഊർജം:** വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഊർജം. ഉദാ: കൽക്കരി, പെട്രോളിയം
- **വാണിജ്യേതര ഊർജം:** പാടക വൃത്തി പോലുള്ള വീട്ടാവശ്യങ്ങൾക്കാണ് വാണിജ്യേതര ഊർജം പ്രധാനമായും ഉപയോഗിക്കുന്നത്. ഉദാ:- വിറക്, ഉണങ്ങിയ ചാണകം.

**<u>പാരമ്പര്യേതര ഊർജസ്രോതസ്സുകൾ</u>**

പാരമ്പര്യേത ഊർജ സ്രോതസ്സുകൾ പുതുക്കാവുന്നതും കാര്യമായ മലിനീകരണമുണ്ടാക്കാത്തതുമാണ്. ഉദാ:- സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം

**<u>വൈദ്യുതി മേഖലയിലെ വെല്ലുവിളികൾ</u>**

- ഉയർന്ന സാമ്പത്തിക വളർച്ചാനിരക്കിനാവശ്യമായത്ര വൈദ്യുത ഇവിടെ ഉല്പാദിപ്പിക്കുന്നില്ല.
- വൈദ്യുതോല്പാദനത്തിനുള്ള നമ്മുടെ സ്ഥാപിത ശേഷി വളരെ കുറവാണ്.
- സംസ്ഥാനങ്ങളിലെ ഇലക്ട്രിസിറ്റി ബോർഡുകളുടെ കാര്യക്ഷമതയില്ലായ്മ
- ഇടയ്ക്കിടെ വൈദ്യുതി വിതരണം സ്തംഭിക്കും.
- താപവൈദ്യുതോല്പാദന കേന്ദ്രങ്ങൾക്ക് ആവശ്യത്തിന് വേണ്ടത്ര കൽക്കരി കിട്ടുന്നില്ല.

**<u>ആരോഗ്യം</u>**

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഉറവിടം. സാമ്പത്തിക വിദഗ്ധന്മാർ ഒരു ജനതയുടെ ആരോഗ്യസ്ഥിതിയെ വിലയിരുത്തുന്നത് താഴെ പറയുന്ന സൂചികകൾ നോക്കിയാണ്:-

- ശിശുമരണ നിരക്ക്
- മാതൃമരണനിരക്ക്
- ആയുർദൈർഘ്യം
- പോഷക സ്ഥിതി
- രോഗാതുരത

**<u>ഇന്ത്യയിലെ ആരോഗ്യസംവിധാനം</u>**

**<u>പ്രൈമറി ആരോഗ്യ പരിപാലനം</u>**

- രോഗങ്ങൾ തിരിച്ചറിയാനും തടയാനും നിയന്ത്രികാനുമുള്ള പഠനം
- പോഷകാഹാരം, ശുദ്ധജലം, ശുചീകരണം എന്നിവ സംബന്ധിച്ച ഉദ്ബോധനം
- കുട്ടികളുടേയും അമ്മമാരുടേയും ആരോഗ്യപരിപാലനം

ഇന്ത്യയിൽ ആരോഗ്യപരിപാലനത്തിന് ഒരു ത്രിതല സംവിധാനമാണുള്ളത്. അതിങ്ങനെയാണ്:-

- സബ് സെന്ററുകൾ
- പ്രൈമറി ഹെൽത്ത് സെന്റർ
- കമ്യൂണിറ്റി ഹെൽത്ത് സെന്റർ

**സെക്കന്ററി ആരോഗ്യപരിപാലനം**

സെക്കന്ററി ആരോഗ്യപരിപാലനത്തിനുള്ള സ്ഥാപനങ്ങളിൽ എക്സ്-റേ, സ്കാനിങ്, ഇ.സി.ജി., സർജറി തുടങ്ങിയവയ്ക്കുള്ള സൗകര്യമുണ്ടാകും.

**ടെർഷ്യറി ആരോഗ്യപരിപാലനം**

മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും നടക്കുന്ന കേന്ദ്രങ്ങളാണിവ. ചികിത്സാ സൗകര്യങ്ങളോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസത്തിനും മെഡിക്കൽ ഗവേഷമത്തിനും സൗകര്യമുണ്ടായിരിക്കും.

**ആരോഗ്യ അടിസ്ഥാന സൗകര്യവും സ്വകാര്യമേഖലയും**

- ഇന്ത്യയിലെ ആശുപത്രികളിൽ 70 ശതമാനത്തിലേറെ സ്വകാര്യ മേഖലയിലാണ്.
- ആശുപത്രികളിൽ ലഭ്യമായ കട്ടിലുകളിൽ 40 ശതമാനവും സ്വകാര്യമേഖലയിലാണ്.
- ഡിസ്പെൻസറികളിൽ 60 ശതമാനത്തിലേറെ സ്വകാര്യമേഖലയിലാണ്.

**ഭാരതീയ ചികിത്സാ സംവിധാനങ്ങൾ**

ഭാരതീയ ചികിത്സാ സംവിധാനം ആറു രീതികൾ ഉൾപ്പെട്ടതാണ്. ഇതിനെ ആയുഷ് എന്ന് വിളിക്കുന്നു.

- ആയുർവേദം
- യോഗ
- യുനാനി
- സിദ്ധ
- പ്രകൃതി ചികിത്സ
- ഹോമിയോപ്പതി

## അധ്യായം 9

## പരിസ്ഥിതിയും സുസ്ഥിര വികസനവും

**പരിസ്ഥിതി**

ഭൂമിയിലെ എല്ലാ വിഭവങ്ങളുടെയും സഞ്ചയത്തിനാണ് പരിസ്ഥിതി എന്നു പറയുന്നത്. ഈ ഭൂമിയിലെ ജൈവവും അജൈവവുമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുന്നതാണ് പരിസ്ഥിതി.

ജൈവഘടകങ്ങൾ-സസ്യങ്ങൾ, പക്ഷികൾ, മൃഗങ്ങൾ

അജൈവ ഘടകങ്ങൾ - വെള്ളം, വായു, മണ്ണ്

**പരിസ്ഥിതിയുടെ ധർമ്മങ്ങൾ**

1) വിഭവങ്ങൾ പ്രദാനം ചെയ്യുന്നു
2) പാഴ്‌വസ്തുക്കളെ ദഹിപ്പിക്കുന്നു.
3) ജീവനെ നിലനിർത്തുന്നു
4) സൗന്ദര്യാനുഭൂതിയൊരുക്കുന്നു.

**ആഗോള താപനം**

ഭൗമാന്തരീക്ഷത്തിന്റെ ശരാശരി താപനിലയിലുള്ള വർദ്ധനയ്ക്കാണ് ആഗോളതാപനം എന്ന് പറയുന്നത്. ഹരിതഗൃഹവാതകങ്ങൾ നിരന്തരം അന്തരീക്ഷത്തിലേക്ക് വിസർജിച്ചുകൊണ്ടിരിക്കുന്നതിനാലാണ് ഭൗമാന്തരീക്ഷത്തിന് ചൂട് വർധിക്കുന്നത്.

**ആഗോള താപനത്തിന്റെ ഭവിഷ്യത്തുകൾ**

- ധ്രുവപ്രദേശത്തെ മഞ്ഞുമലകൾ ഉരുകി കടലിലെ ജലനിരപ്പ് ഉയരും.
- ശുദ്ധജലക്ഷാമമുണ്ടാകും
- ജീവജാലങ്ങൾക്ക് വംശനാശം സംഭവിക്കും
- ഉഷ്ണമേഖലാ രോഗങ്ങൾ വർധിച്ചേക്കാം

**ഓസോൺ ശോഷണം**

സൂര്യരശ്മിയിലുള്ള അൾട്രാ വയലറ്റ് രശ്മികൾ ഭൂമിയിലെത്താതെ തടയുന്നത് ഓസോൺ പാളിയാണ്. എന്നാൽ നമ്മുടെ എയർകണ്ടീഷണർ, റഫ്രിജറേറ്റർ തുടങ്ങിയവയിൽ ഉപയോഗിക്കുന്ന ക്ലോറോഫ്ളൂറേ കാർബണികൾ (ഇഎഇ) അന്തരീക്ഷത്തിലെത്തി ഓസോണിനെ നശിപ്പിക്കുന്നു. തൽഫലമായി

- സൂക്ഷ്മ ജീവികൾക്ക് നാശം സംഭവിക്കും
- ചർമ്മ അർബുദം പിടിപെട്ടാക്കാം
- ജല ജീവികൾക്ക് നാശം സംഭവിക്കും

**മണ്ണിന്റെ അപചയം**

മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെട്ട് കൃഷിയോഗ്യമല്ലാതെയാകുന്ന അവസ്ഥയാണ് മണ്ണിന്റെ അപചയം. മണ്ണിന് അപചയമുണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ
വനനശീകരണം

- കൃഷി മാറ്റം
- കൃഷിക്കായി വനഭൂമി കയ്യേറൽ
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ സ്വീകരിക്കാതിരിക്കൽ
- വിള പരിവർത്തനം നടത്താതിരിക്കൽ

**സുസ്ഥിര വികസനം**

സുസ്ഥിര വികസനം എന്ന് പറഞ്ഞാൽ പാരിസ്ഥിതിക സൗഹൃതം പുലർത്തുന്ന വികസനം എന്നാണർത്ഥം. ഭാവി തലമുറകൾക്ക് അവയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ശേഷിക്ക് വിഘാതമാകാത്ത വിധത്തിൽ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വികസനം ആണ് സുസ്ഥിര വികസനം.

**സുസ്ഥിര വികസനത്തിന്റെ തന്ത്രങ്ങൾ**

- ഊർജത്തിന്റെ പാരമ്പര്യേതര ഉറവിടങ്ങൾ ഉപയോഗപ്പെടുത്തൽ
- ഗ്രാമപ്രദേശങ്ങളിൽ ഗോബർഗ്യാസും എൽ.പി.ജി.യും
- നഗരപ്രദേശങ്ങളിൽ സി.എൻ.ജി.
- കാറ്റിൽ നിന്നുള്ള ഊർജം
- സൗരോർജം
- മിനി ജലവൈദ്യുത പദ്ധതികൾ
- പരമ്പരാഗത അറിവുകളും പ്രയോഗങ്ങളും
- ജൈവവസ്തുക്കളുടെ കമ്പോസ്റ്റിംഗ്
- ജൈവ വസ്തുക്കൾ കൊണ്ട് കീടനിയന്ത്രണം

## അധ്യായം 10

## ഇന്ത്യയുടെ വികസനാനുഭവങ്ങൾ: അയൽരാജ്യങ്ങളുമായി ഒരു താരതമ്യം

ഇന്ത്യ, ചൈന, പാക്കിസ്ഥാൻ എന്നിവ അയൽരാജ്യങ്ങളാണെങ്കിലും ഇവയ്ക്ക് തമ്മിൾ വലിയ വ്യത്യാസങ്ങളുണ്ട്. ഇന്ത്യ പുരോഗമനോന്മുഖമായ ആശയങ്ങളോടുകൂടിയ മതേതരമായ ഒരു ബഹുകക്ഷി ജനാധിപത്യ രാജ്യമാണ്. ചൈനയിൽ ഏകകക്ഷി രാഷ്ട്രീയ സംവിധാനമാണുള്ളത്. പാക്കിസ്ഥാനാകട്ടെ രാഷ്ട്രീയമായി അത്യന്തം അസ്ഥിരമാണ്.

ഇന്ത്യയും പാക്കിസ്ഥാനും 1947 ൽ സ്വതന്ത്രമായപ്പോൾ ചൈന1947 ൽ സ്വതന്ത്രമായി. പഞ്ചവത്സര പദ്ധതികൾ ഇന്ത്യയിൽ 1951–ലും ചൈനയിൽ 1953 ലും പാക്കിസ്ഥാനിൽ 1956 ലുമാണ് തുടങ്ങിയത്.

**ചൈനയുടെ സാമ്പത്തിക തന്ത്രം**

ജനകീയ ചൈന റിപ്പബ്ലിക് സ്ഥാപിതമായത് 1949 ലാണ്. അവർ ഏകകക്ഷി ഭരണരീതി സ്വീകരിച്ചു. കൃഷിക്ക് കമ്യൂൺ സമ്പ്രദായം നടപ്പാക്കി. കമ്യൂണുകളിൽ ആളുകൾ കൂട്ടമായാണ് കൃഷി നടത്തിക്കൊണ്ടിരുന്നത്. രാജ്യത്തെ വ്യവസായവൽക്കരിക്കാനായി 1958 ൽ ഒരു 'കുതിച്ചു ചാട്ട' (GLF) പരിപാടി നടപ്പാക്കി മഹത്തായ പ്രോലിട്ടേറിയൻ സാംസ്കാരിക വിപ്ലവ

ത്തിന്റെ ഭാഗമായി ഡോക്ടർമാർ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെയെല്ലാം ഗ്രാമീണ മേഖലയിൽ പണിയെടുക്കാൻ നിർബന്ധിച്ചു.

ചൈനയിൽ മാവോവിന്റെ മരണമാണ് (1978) സാമ്പത്തിക നയപരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചത്.

**പ്രധാന പരിഷ്ക്കാരങ്ങൾ**

- കാർഷിക രംഗത്തെ കമ്യൂൺ സമ്പ്രദായം ഉപേക്ഷിച്ച് പകരം ഉത്തരവാദിത്വരീതി നടപ്പാക്കി.
- സ്വകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചു.
- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വകാര്യ മേഖലാ സ്ഥാപനങ്ങളുമായി മത്സരിക്കേണ്ടി വന്നു
- വിദേശമൂലധന നിക്ഷേപത്തെ ആകർഷിക്കാനായി പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിച്ചു.

**പാക്കിസ്ഥാന്റെ സാമ്പത്തിക തന്ത്രം**

പാക്കിസ്ഥാൻ സമഗ്രമായ പ്ലാനിങ്ങും മിശ്ര സമ്പദ്‌വ്യവസ്ഥയുമാണ് വികസന തന്ത്രമായി സ്വീകരിച്ചിരുന്നത്. 1970 കളിൽ പാക്കിസ്ഥാൻ പല വ്യവസായങ്ങളും ദേശസാൽക്കരിച്ചു. 1980 കളിൽ പാക്കിസ്ഥാൻ പതുക്കെ നയം മാറ്റി. അവർ സ്വകാര്യവൽക്കരണം നടപ്പാക്കാൻ തുടങ്ങി. വിദേശ മൂലധന നിക്ഷേപത്തെ പ്രോത്സാഹിപ്പിച്ചു.

**ജനസംഖ്യാ പരമായ സൂചകങ്ങൾ**

- ജനസംഖ്യാവളർച്ചാനിരക്ക് ഏറ്റവും കുറവ് ചൈനയിലാണ്, ഏറ്റവും കൂടുതൽ പാക്കിസ്ഥാനിലും.
- സ്ത്രീ-പുരുഷാനുപാതം മൂന്നു രാജ്യങ്ങളിലും ഏതാണ്ട് സമാനമാണ്.
- ഫെർട്ടിലിറ്റി നിരക്ക് കൂടുതൽ പാക്കിസ്ഥാനിലും കുറവ് ചൈനയിലുമാണ്.
- ജനസാന്ദ്രത കൂടുതൽ ഇന്ത്യയിലും കുറവ് ചൈനയിലുമാണ്.

**മനുഷ്യവികസന സൂചകങ്ങൾ**

- മനുഷ്യവികസന സൂചികയിലും റാങ്കിലും ചൈന മറ്റ് രണ്ട് രാജ്യങ്ങളേക്കാളും മുമ്പിലാണ്
- ശിശുമരണ നിരക്ക്, മാതൃമരണനിരക്ക് എന്നിവ ചൈനയിൽ കുറവും ഇന്ത്യയിലും പാക്കിസ്ഥാനിലും കൂടുതലുമാണ്.
- ശുചീകരണം സൗകര്യത്തിൽ പാക്കിസ്ഥാനാണ് മുന്നിട്ടു നിൽക്കുന്നത്.
- സാക്ഷരതാ, ആയുർദൈർഘ്യം എന്നിവയിലെല്ലാം ചൈന മുന്നിട്ടു നിൽക്കുന്നു.